**സബ്മിഷൻ**

## എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ): സർ, കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതർക്ക് ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ആശ്വാസ നടപടികൾ മൂന്ന് വർഷം കഴിഞ്ഞിട്ടും പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. ഈ വിഷയം സംബന്ധിച്ച് 21.08.2014-ൽ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ മന്ദിരത്തിലെ മുഖ്യമന്ത്രിയുടെ ചേമ്പറിൽവച്ച് കൂടിയ യോഗത്തിന്റെ തീരുമാനത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. ഒന്ന്, എൻഡോസൾഫാൻ ദുരിത ബാധിതരുടെ അന്തിമ പട്ടിക തയ്യാറാക്കി 2014 ഫെബ്രുവരി 18-ന് സർക്കാരിന് സമർപ്പിക്കുക. രണ്ട്, കടമെടുത്ത് ചികിൽസ നടത്തി ജപ്തി ഭീഷണി നേരിടുന്നവരുടെ കടം എഴുതിത്തള്ളണമെന്ന് തീരുമാനിക്കുകയും കടമെടുത്ത് ചികിത്സ നടത്തേണ്ടിവന്നവരുടെ കടം സംബന്ധിച്ച് 2014 ജനുവരി 31-നകം കളക്ടർ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്യുക. മൂന്ന്, ദുരിതബാധിതർക്കുള്ള സ്പെഷ്യലൈസ്ഡ് മെഡിക്കൽ ക്യാമ്പ് വർഷത്തിലൊരിക്കൽ നടത്താൻ തീരുമാനിക്കുകയും എന്നാൽ

അടിയന്തര ഘട്ടത്തിൽ ദുരിതബാധിതർക്ക് ചികിത്സ ലഭ്യമാക്കാൻ കളക്ടറുടെ അദ്ധ്യക്ഷതയിൽ കമ്മിറ്റിയെ ചുമതലപ്പെടുത്തുക. നാല്, ഗോഡൗണുകളിൽ സൂക്ഷിച്ച എൻഡോസൾഫാൻ കീടനാശിനി മൂന്ന് മാസത്തിനുള്ളിൽ നീക്കംചെയ്തു നിർവീര്യമാക്കാൻ നടപടി സ്വീകരിക്കുക. അഞ്ച്, ദുരിതബാധിതർക്ക് നൽകിവരുന്ന രണ്ടായിരം, ആയിരം ക്രമത്തിലുള്ള പെൻഷൻ തുക വർദ്ധിപ്പിക്കുക. ദുരിതബാധിതരുടെ സഹായികൾക്കുള്ള തുക വർദ്ധിപ്പിക്കുക. ആറ്, നിലവിൽ എംപാനൽ ചെയ്യപ്പെട്ട ആശുപത്രികൾക്ക് പുറമെ രോഗികൾക്ക് പ്രത്യേക സാഹചര്യങ്ങളിൽ മറ്റ് ആശുപത്രികളിൽനിന്ന് ചികിത്സ ലഭിക്കേണ്ടതുണ്ടെങ്കിൽ അത് പരിശോധിച്ച് യുക്തമായ തീരുമാനമെടുക്കാൻ കാസർഗോഡ് കളക്ടറേറ്റിൽ പ്രവർത്തിക്കുന്ന സെല്ലിനെ ചുമതലപ്പെടുത്തുക. ഈ തീരുമാനങ്ങളെടുത്തിട്ട് വർഷം ഒന്നാകുന്നു. മുകളിൽപ്പറഞ്ഞ തീരുമാനങ്ങൾ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിച്ച ശിപാർശകൾ അംഗീകരിച്ചുകൊണ്ട് 26.05.2012-ലാണ് സർക്കാർ ഉത്തരവ് ഇറക്കിയത്. ഉത്തരവിറങ്ങി മൂന്ന് വർഷം കഴിഞ്ഞിട്ടും ഇവ പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ല. നഷ്ടപരിഹാരം നൽകുവാനുള്ള

ട്രൈബ്യൂണൽ രൂപീകരിക്കുകയോ പുനരധിവാസത്തിന്റെ നടപടികൾ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. പന്ത്രണ്ട് കോടിയോളംവരുന്ന കടം എഴുതിത്തള്ളാൻ നടപടി സ്വീകരിച്ചിട്ടില്ല. എന്നുമാത്രമല്ല, സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകൾ ഇപ്പോൾ നടക്കുന്നില്ല. മൊബൈൽ മെഡിക്കൽ ക്യാമ്പിൽ ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നില്ല. നിലവിൽ മരുന്നിനും ചികിത്സയ്ക്കും കൃത്യമായും ഒന്നും ലഭിക്കുന്നില്ല. നിസ്സഹായരായ എൻഡോസൽഫാൻ ദുരിതബാധിതരോട് ഈ സർക്കാർ കാണിക്കുന്ന ക്രൂരതയും വാഗ്ദാനലംഘനവും മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ എടുത്ത തീരുമാനങ്ങൾപോലും നടപ്പിലാക്കാതിരിക്കുന്ന സ്ഥിതിവിശേഷമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഇക്കാര്യത്തിൽ സർക്കാരിന്റെ വിശദീകരണം സഭയെ അറിയിക്കണമെന്ന് ഞാൻ വിനയപൂർവ്വം അപേക്ഷിക്കുന്നു.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) : സർ, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചതിൽ രണ്ടു കാര്യങ്ങളൊഴികെ ബാക്കിയെല്ലാം പൂർണ്ണമായും നടപ്പാക്കിവരികയാണ്. ഏകദേശം 5227 പേരെ ദുരിതബാധിതരായി

കണ്ടെത്തുകയും അവർക്ക് മനുഷ്യാവകാശ കമ്മീഷൻ നിശ്ചയിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ള എല്ലാ നടപടികളും എടുത്തുവരികയുമാണ്. എൻഡോസൾഫാൻ പുനരധിവാസ സെല്ലിന്റെ ചെയർമാൻ എന്നുള്ള നിലയിൽ ഞാൻ മാസത്തിൽ ഒരു ദിവസം അവിടെ പോയി യോഗം വിളിച്ചു ചേർക്കുകയും എന്തെങ്കിലും പുതുതായിട്ടുള്ള നിർദ്ദേശങ്ങളോ അപാകതകളോ ചൂണ്ടിക്കാണിച്ചാൽ അടുത്ത യോഗത്തിൽ അത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. രണ്ടു ദിവസം മുമ്പ് ചേർന്ന ഈ മാസത്തെ യോഗത്തിൽ പുതിയ നിർദ്ദേശങ്ങളോ പരിഹരിക്കപ്പെടാത്ത കാര്യങ്ങളോ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. മൊറോട്ടോറിയം പ്രഖ്യാപിച്ച കടാശ്വാസത്തിന്റെ പേരിലുള്ള കടം എഴുതിത്തള്ളണമെന്ന ഒരാവശ്യം അവർ ഉന്നയിച്ചിരുന്നു. അതിനുവേണ്ടി 50 കോടിയോളം രൂപ നീക്കിവച്ചിട്ടുണ്ട്. പക്ഷേ, അത് അനുവദിച്ചു കിട്ടാത്തതുകൊണ്ടാണ് കൊടുക്കാൻ കഴിയാത്തത്. ബാങ്കുമായി അതിനെ സംബന്ധിച്ച് ചർച്ച ചെയ്തിട്ടുണ്ട്. വളരെ കൃത്യമായി ഇതിന്റെ കാര്യങ്ങളുമായി മുന്നോട്ടുപോകും. അതോടൊപ്പം എൻഡോസൾഫാൻ നിർവീര്യമാക്കുന്നതിനാവശ്യമായ നടപടികൾ ആരംഭിക്കാൻ വേണ്ടി എച്ച്.ഐ.എൽ.നെ ഏർപ്പാട്

ചെയ്തിട്ടുണ്ട്. കൊച്ചിയിലാണ് നിർവീര്യമാക്കാനുള്ള സാങ്കേതികമായ കാര്യങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നത്. എറണാകുളം ജില്ലാ കളക്ടറുമായി ബന്ധപ്പെട്ടുകൊണ്ട് സമീപവാസികളുമായിട്ടുള്ള ചർച്ചകൾ നടത്തികൊണ്ടിരിക്കുകയാണ്. ഒരാഴ്ചയ്ക്കുള്ളിൽ അതിന്റെ പ്രധാനപ്പെട്ട നടപടികൾ സ്വീകരിക്കുന്നതാണ്. അതോടൊപ്പം ഡോക്ടർമാരുടെ കുറവ് നികത്തുന്നതിനായി അധിക പണം കൊടുത്തുകൊണ്ട് അവരെ കോൺട്രാക്ട് ബെയ്സിൽ നിശ്ചയിക്കാൻ തീരുമാനിച്ചിട്ടുപോലും ഡോക്ടർമാർ വരുന്നില്ല. എന്നാൽപോലും അന്യസംസ്ഥാനമുൾപ്പെടെ, മംഗലാപുരത്തുനിന്നും ഡോക്ടർമാരെ ക്ഷണിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അതിലൂടെ ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്.

കാസർഗോഡ് ജില്ലയിലെ എൻമകജെ, കുമ്പടാജെ, ബതിയടുക്ക, ബെള്ളൂർ, കാറടുക്ക, മുളിയാർ, പുല്ലൂർ പെരിയ, കയ്യൂർ ചീമേനി, അജാനൂർ, പനത്തടി, കള്ളാർ എന്നീ 11 ഗ്രാമപഞ്ചായത്തുകളെയാണ് എൻഡോസൾഫാൻ ദുരന്തം ബാധിച്ചിരിക്കുന്നത്. ദുരിതബാധിതരുടെ പ്രശ്നങ്ങൾ പഠിക്കുവാനും, പരിഹാരം കണ്ട് ആശ്വാസമരുളുവാനും 2010- ൽ കാസർഗോഡ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും, ജില്ലാകളക്ടർ കൺവീനറും,

എൻ.ആർ.എച്ച്.എം. പ്രോജക്ട് മാനേജർ, ജില്ലാ മെഡിക്കൽ ഓഫീസർ, സാമൂഹ്യ നീതി വകുപ്പ് ജില്ലാ ഓഫീസർ, ദുരിതബാധിതമായ 11 ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, അംഗീകൃത രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ അംഗങ്ങളായി എൻഡോസൾഫാൻ റെമഡിയൽ & വിക്ടിംസ് സെൽ രൂപീകരിച്ചു. ഫലപ്രദമായ പ്രവർത്തനത്തിനായി 2011-ൽ ഈ റെമഡിയൽ റിഹാബിലിറ്റേഷൻ സെൽ കൃഷി വകുപ്പ് മന്ത്രി ചെയർമാനായി എൻഡോസൾഫാൻ പുനരധിവാസ സെൽ എന്ന നിലയിൽ പുന:സംഘടിപ്പിച്ചു. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും, മേൽനോട്ടം വഹിക്കുന്നതിനും, പരാതികൾ പരിഹരിക്കുന്നതിനുമായി കാസർഗോഡ് കളക്ടറേറ്റിൽ ഡെപ്യൂട്ടി കളക്ടറുടെ മേൽനോട്ടത്തിൽ ഒരു പ്രത്യേക സെല്ലും പ്രവർത്തിച്ചു വരുന്നു.

കോഴിക്കോട് മെഡിക്കൽ കോളേജിലെ വിദഗ്ദ്ധ ഡോക്ടർമാരുടെ മേൽനോട്ടത്തിൽ ദുരിതബാധിത പഞ്ചായത്തുകളിൽ നടത്തിയ സ്പെഷ്യൽ മെഡിക്കൽ ക്യാമ്പുകളിലൂടെ ആകെ 5,227 പേരെ ദുരിതബാധിതരായി കണ്ടെത്തിയിട്ടുണ്ട്. എൻഡോസൾഫാൻ മൂലം മരണപ്പെട്ട 734 പേരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ഒരു ലക്ഷം രൂപ

വീതം ധനസഹായം നൽകുകയുണ്ടായി. 2010-ൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ ദുരന്തബാധിത പഞ്ചായത്തുകളിൽ സന്ദർശനം നടത്തുകയും താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

1. എൻഡോസൾഫാൻ നിരോധിക്കുവാൻ നടപടി എടുക്കുക.
2. സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രി തുടങ്ങുവാൻ നടപടി എടുക്കുക.
3. എൻഡോസൾഫാൻ ബാധിതരായ രോഗികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് ട്രിബ്യൂണൽ സ്ഥാപിക്കുക.
4. മരണപ്പെട്ട രോഗികളുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ വീതം നൽകുക, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, കിടപ്പു രോഗികൾക്കും 5 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകുക.
5. അംഗവൈകല്യം സംഭവിച്ചവർക്ക് 3 ലക്ഷം രൂപ വീതം നൽകുക.

ഈ നിർദ്ദേശങ്ങൾ സർക്കാർ നടപ്പിലാക്കി വരുന്നു. കൂടാതെ ക്യാൻസർ രോഗം ബാധിച്ചവർക്ക് 3 ലക്ഷം രൂപ വീതം ദുരിതാശ്വാസമായി അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ട പൂർണ്ണമായും കിടപ്പിലായവർക്കും, ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കും, മരണപ്പെട്ടവരുടെ ആശ്രിതർക്കും 5 ലക്ഷം രൂപ വീതവും ശാരീരിക

വൈകല്യമുള്ളവർക്കും, ക്യാൻസർ രോഗികൾക്കും 3 ലക്ഷം രൂപ വീതവും ഗഡുക്കളായി നകുന്നതിനാണ് സർക്കാർ ഉത്തരവായിട്ടുള്ളത്. ആയതിന്റെ അടിസ്ഥാനത്തിൽ ഒന്ന്, രണ്ട് ഗഡുക്കൾ ദുരിതബാധിത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അർഹതയുള്ളവർക്ക് നൽകിയിട്ടുണ്ട്. അനുവദിച്ച ധനസഹായം സംബന്ധിച്ച വിശദാംശം അനുബന്ധം I ആയി വച്ചിട്ടുണ്ട്.+

സർക്കാരിന്റെയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും, സന്നദ്ധ സംഘടനകളുടേയും പങ്കാളിത്തത്തോടുകൂടി സാഫല്യം എന്ന പേരിൽ ഭവന പദ്ധതി എൻഡോസൾഫാൻ ദുരിതബാധിതർക്കായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. തിരുവനന്തപുരം കേന്ദ്രമായി പ്രവർത്തിക്കുന്ന സത്യസായി ട്രസ്റ്റ് സ്വന്തം നിലയിൽ എൻഡോസൾഫാൻ ദുരിതബാധിതരും, ഭൂരഹിതരും, നിർദ്ധനരുമായവർക്ക് സൗജന്യമായി 108 വീടുകൾ നിർമ്മിച്ച് നൽകുന്നതിന് മുന്നോട്ടുവന്നിട്ടുണ്ട്. ഇതിലേയ്ക്കായി അനുയോജ്യമായ സർക്കാർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എൻഡോസൾഫാൻ ദുരിതബാധിതമായ 9 പഞ്ചായത്തുകൾക്ക് ആംബുലൻസ് സൗകര്യവും ലഭ്യമാക്കിയിട്ടുണ്ട്.

+ ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

എൻഡോസൾഫാൻ ദുരന്തബാധിതരുടെ കടം എഴുതിത്തള്ളുന്നതിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ദുരിതബാധിതരുടെ ശാരീരികവും, മാനസികവുമായ സമഗ്ര പുനരധിവാസം ലക്ഷ്യമാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചാത്തിൽ ഒരു പുനരധിവാസ ഗ്രാമം സ്ഥാപിക്കുവാൻ തീരുമാനമായിട്ടുണ്ട്. നബാർഡ്, ആർ.ഐ.ഡി.എഫ്. പദ്ധതി പ്രകാരമുള്ള ബഡ്സ് സ്കൂളുകളുടെ നിർമ്മാണവും പുരോഗമിച്ചു വരുന്നു. എന്നാൽ നബാർഡിന്റെ സഹായത്തോടെയുള്ള ചില കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട കേരള വാട്ടർ അതോറിറ്റിയുടെ പ്രവൃത്തികൾക്ക് കാലതാമസമുള്ളതിനാൽ ഈ പ്രവൃത്തികൾ അവലോകനം ചെയ്യുവാനായി ആഗസ്റ്റ് 1 ന് 03.00 മണിക്ക് ഒരു യോഗം വീണ്ടും കാസർഗോഡ് വിളിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർക്ക് വിവിധ ആരോഗ്യ കേന്ദ്രങ്ങളിലായി സൗജന്യ ചികിത്സ നൽകിവരുന്നുണ്ട്. കൂടാതെ മെഡിക്കൽ കോളേജടക്കം 17 എംപാനൽഡ് ആശുപത്രികളിലൂടെ വിദഗ്ദ്ധ ചികിത്സ നടത്തി വരുന്നു. നിലവിൽ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെടാത്തവരുടെ, എന്നാൽ പ്രഥമദൃഷ്ട്യാ ദുരിതബാധിതരെന്ന് കണ്ടെത്തിയ രോഗികൾക്ക് എംപാനൽഡ് ആശുപത്രികളിലുൾപ്പെടെ സൗജന്യ ചികിത്സ

നൽകി വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതബാധിത പട്ടികയിൽ ഉൾപ്പെടുന്നവർക്ക് സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന അവരുടെ രോഗാവസ്ഥയുടെ അടിസ്ഥാനത്തിൽ കാറ്റഗറി തിരിച്ച് 2000, 1000 എന്നിങ്ങനെ പ്രതിമാസ പെൻഷൻ നൽകി വരുന്നുണ്ട്. പ്രസ്തുത തുക യഥാക്രമം 2200, 1200 ആയി വർദ്ധിപ്പിച്ചിട്ടുമുണ്ട്. ദുരിതബാധിതമായ 11 ഗ്രാമപഞ്ചായത്തുകളിലെ ആശുപത്രികളും കിടപ്പിലായ രോഗികളുടെ വീടുകളും സന്ദർശിച്ച് ചികിത്സ നൽകുന്നതിനായി മൊബൈൽ മെഡിക്കൽ ടീമിന്റെ സേവനം ഏർപ്പെടുത്തിയിട്ടുണ്ട്. വിദഗ്ദ്ധ ചികിത്സ ആവശ്യമുള്ള ദുരിതബാധിതരെ ആശുപത്രികളിൽ എത്തിക്കുന്നതിന് 11 ദുരന്തബാധിത പഞ്ചായത്തുകളിലും വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ദുരന്തബാധിതരായ മുഴുവൻ കുടുംബാംഗങ്ങൾക്കും സൗജന്യ റേഷൻ നൽകി വരുന്നു. എൻഡോസൾഫാൻ ദുരിതബാധിത കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് കേരള സോഷ്യൽ സെക്യൂരിറ്റി മിഷൻ മുഖേന പ്രൈമറി ക്ലാസ്സുകളിൽ 2000 രൂപ, ഹൈസ്കൂളുകളിൽ 3000 രൂപ, ഹയർസെക്കന്ററികളിൽ 4000 രൂപ എന്നീ ക്രമത്തിൽ സ്കോളർഷിപ്പ് വിതരണം ചെയ്തുവരുന്നുണ്ട്. 11 ദുരിതബാധിത ഗ്രാമപഞ്ചായത്തുകളിലും

ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കി വരുന്നുണ്ട്. എൻഡോസൾഫാൻ ദുരിതം മൂലം കിടപ്പിലായവരെ പരിചരിക്കുന്നവർക്ക് സ്പെഷ്യൽ ആശ്വാസ കിരൺ പദ്ധതി മുഖേന പ്രതിമാസം 700/- രൂപ നൽകി വരുന്നുണ്ട്. ദേശീയ മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശപ്രകാരമുള്ള ആരോഗ്യ സേവന പ്രവർത്തനങ്ങൾ നടത്തുന്നതിന് ആവശ്യമായ ഡോക്ടർമാരെ വേണ്ടത്ര ലഭ്യമല്ലാത്ത സാഹചര്യം കണക്കിലെടുത്ത് ഉയർന്ന സേവനവേതന സൗകര്യങ്ങൾ വാഗ്ദാനം ചെയ്തിട്ടും കാര്യമായ പ്രതികരണമില്ലാത്ത സാഹചര്യമാണുള്ളത്. ഇത് പരിഹരിക്കുവാൻ അന്യ സംസ്ഥാനങ്ങളിൽ നിന്നും തൊട്ടടുത്ത മംഗലാപുരത്തുനിന്നുമടക്കം വേണ്ടത്ര ഡോക്ടർമാരെ ലഭ്യമാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു.

11 ദുരിത ബാധിത ഗ്രാമപ്രദേശങ്ങളിലും ഫിസിയോതെറാപ്പിസ്റ്റിന്റെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ കീഴിലുള്ള 25 ഏക്കർ സ്ഥലം പുനരധിവാസ വില്ലേജിനുവേണ്ടി വിട്ടുകൊടുത്തിട്ടുണ്ട്. ഒരു ഹൈടെക് പുനരധിവാസ വില്ലേജ് എന്ന രീതിയിലാണ് ഉദ്ദേശിക്കുന്നത്. എൻഡോസൾഫാൻ ദുരിതബാധിതരെ

താമസിപ്പിക്കുകയും അവരെ മാനസികമായി വ്യത്യസ്തമായവരെ നമ്മോടൊപ്പം ജീവിക്കാൻ വേണ്ടി അവർക്ക് ഒരു ആശ്വാസം എന്നുള്ള രീതിയിൽ ഒരു പുനരധിവാസ വില്ലേജ് പണിയാനുള്ള നടപടികളെല്ലാം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ആർക്കിടെക്ച്ചർ പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. ഉടൻതന്നെ ടെണ്ടർ നടപടികൾ സ്വീകരിച്ചുകൊണ്ട് പുനരധിവാസ വില്ലേജ് യാഥാർത്ഥ്യമാക്കാനുള്ള നടപടികൾ കൂടി സ്വീകരിക്കുന്നതാണ്.

വിഷമയമല്ലാത്ത മത്സ്യത്തിന്റെ ലഭ്യത

ശ്രീ. വി. പി. സജീന്ദ്രൻ : സർ, ഇന്ന് മലയാളികളുടെ തീൻമേശകളിലെ ഒഴിച്ചുകൂടാൻ പറ്റാത്ത ഒന്നാണ് മത്സ്യ വിഭവങ്ങൾ. വിവിധയിനം മത്സ്യങ്ങൾ ഇന്ന് കേരളത്തിലെ മാർക്കറ്റുകളിൽ സുലഭമായി ലഭിക്കുന്നുണ്ട്. എന്നാൽ കേരളത്തിലെ മത്സ്യ മാർക്കറ്റുകളിൽ വിപണനം ചെയ്യുന്ന മത്സ്യങ്ങളിൽ അമോണിയ, ഫോർമാലിൻ തുടങ്ങിയ മാരകമായ രാസവസ്തുക്കളുടെ ഉപയോഗം വളരെ വ്യാപകമായി വരികയാണ്. മത്സ്യങ്ങൾ ദീർഘകാലം കേടുകൂടാതെ ഇരിക്കുവാനാണ് വ്യാപാരികൾ ഇത്തരം രാസവസ്തുക്കൾ ഉപയോഗിക്കുന്നത്. മോർച്ചറികളിൽ മൃതദേഹങ്ങൾ കേടുകൂടാതിരിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുവാണ് ഫോർമാലിൻ. ഇത് നമ്മൾ ഭക്ഷണത്തിനായി

ഉപയോഗിക്കുന്ന മത്സ്യങ്ങളിൽ കേടുവരാതെ സൂക്ഷിക്കുവാൻ ഉപയോഗിക്കുന്നു എന്നുള്ളത് ഞെട്ടിപ്പിക്കുന്ന കാര്യമാണ്. അയൽ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് വരുന്ന മത്സ്യങ്ങളിലാണ് ഇത്തരം രാസവസ്തുക്കളുടെ ഉപയോഗം വളരെ വ്യാപകമായി കണ്ടുവരുന്നത്. ഉത്സവസീസണിലെ വ്യാപാരം മുൻകൂട്ടി കണ്ടുകൊണ്ട് വലിയ അളവിൽ മത്സ്യങ്ങൾ വ്യാപാരികൾ ശേഖരിച്ച് വയ്ക്കുന്നു. ഇത്തരത്തിൽ രാസവസ്തുക്കളടങ്ങിയ മത്സ്യങ്ങൾ ഉപയോഗിക്കുന്നത് മനുഷ്യശരീരത്തിലെ ആന്തരികാവയവങ്ങളെ ദോഷകരമായി ബാധിക്കുകയും ക്യാൻസർപോലുള്ള മാരകമായ അസുഖങ്ങൾ ജനങ്ങൾക്ക് ഉണ്ടാകുകയും ചെയ്യുന്നു. എന്നാൽ ഇത്തരത്തിലുള്ള മത്സ്യങ്ങളുടെ വിപണനം തടയുന്നതിന് വേണ്ടത്ര ജാഗ്രതയോ സംവിധാനങ്ങളോ നമ്മുടെ വകുപ്പുകൾക്കില്ല. ഫിഷറീസ് വകുപ്പിന്റെ നേതൃത്വത്തിൽ മത്സ്യ മാർക്കറ്റുകളിൽ പരിശോധനകൾ അടിയന്തരമായി ഉണ്ടാകണം. അയൽ സംസ്ഥാനങ്ങളിൽ നിന്നും വരുന്ന മത്സ്യം കയറ്റിയ വാഹനങ്ങൾ പരിശോധിക്കുവാനും രാസവസ്തുക്കൾ ഉപയോഗിച്ച മത്സ്യങ്ങൾ പിടിച്ചെടുത്ത് നശിപ്പിക്കുവാനും മത്സ്യം കൊണ്ടുവരുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുവാനും ഇപ്പോഴുള്ള നിയമങ്ങൾ വളരെ അപര്യാപ്തമാണ്. ഇത്തരത്തിൽ മാരക

വിഷങ്ങൾ കലർത്തിയ മത്സ്യങ്ങൾ കേരളത്തിൽ എത്തിച്ച് വിപണനം നടത്തുന്നവരെ ശിക്ഷിക്കാനും ഇതിനെ പ്രതിരോധിക്കുവാനും ഒരു സമഗ്രമായ നിയമനിർമ്മാണം ഈ സർക്കാരിന്റെ കാലത്തുതന്നെ ഉണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നു.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു) : സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. വി. പി. സജീന്ദ്രൻ ഉന്നയിച്ച പ്രശ്നം വളരെ ഗൗരവമുള്ളതാണ്. കേരളത്തിൽ വില്പനയ്ക്കെത്തുന്ന മത്സ്യങ്ങൾ കേടുവരാതെ ദിവസങ്ങളോളം സൂക്ഷിക്കുന്നതിനായി അമോണിയം, ഫോർമാലിൻ തുടങ്ങിയ ആരോഗ്യത്തിന് ഹാനികരമായ മാരകവസ്തുക്കളുടെ ഉപയോഗം ജനങ്ങളുടെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നതിനാൽ ഇത് അടിയന്തരമായി തടയേണ്ടതിന്റെ ആവശ്യകത പരിഗണിച്ചുകൊണ്ട് മത്സ്യ മാർക്കറ്റുകളിൽ മായം ചേർക്കാത്ത മത്സ്യത്തിന്റെ ഉപയോഗം ഉറപ്പാക്കേണ്ടത് ആവശ്യമുള്ളതാണെന്നാണ് ഈ ഗവൺമെന്റിന്റെ നിലപാട്. ഇതിനായി മത്സ്യവിപണനവും മത്സ്യ ഗുണനിലവാരവും മാനേജുമെന്റ് ആക്ട് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികളുടെ നിലവിലുള്ള മത്സ്യലേല

ചൂഷണത്തിൽ നിന്നും രക്ഷപ്പെടുത്തുന്നതിനും മത്സ്യ ഉപഭോക്താക്കൾക്ക് ഗുണമേന്മയുള്ള മത്സ്യം ഉറപ്പുവരുത്തുന്നതിനും കഴിയും. ആ കരട് ബില്ല് സർക്കാരിന്റെ പരിഗണനയിലാണ്. മത്സ്യം കേടുകൂടാതെ ഇരിക്കുന്നതിന് മാരകരാസപദാർത്ഥങ്ങളായ ഫോർമാലിൻ, അമോണിയ എന്നിവ ചേർക്കുന്നത് തടയാനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുവാനും മത്സ്യബന്ധനം മുതൽ മത്സ്യവില്പന വരെയുള്ള വിവിധ ഘട്ടങ്ങളിൽ മത്സ്യത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്താനും മത്സ്യത്തിന്റെയും മത്സ്യ ഉല്പന്നങ്ങളുടെയും ഗുണമേന്മ പരിശോധന കർശനമായി നടത്താനും മത്സ്യത്തൊഴിലാളികളെ നിലവിലെ മത്സ്യ ലേല സമ്പ്രദായത്തിലൂടെ അമിതമായി ചൂഷണം ചെയ്യുന്നവരെ തടയുവാനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. ഈ നിയമം നടപ്പാക്കാൻ ഗവൺമെന്റ് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## കൊല്ലം ജില്ലാ ആശുപത്രിയിലെ സൗകര്യങ്ങൾ

ശ്രീ. പി. കെ. ഗുരുദാസൻ : സർ, കൊല്ലം ജില്ലാ ആശുപത്രിയിലെ ശോച്യാവസ്ഥ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനാണ് ഈ സബ്മിഷൻ ഇവിടെ അവതരിപ്പിക്കുന്നത്. അവിടെ യൂറോളജി യൂണിറ്റും, ന്യൂറോളജി

യൂണിറ്റും പ്രവർത്തിക്കുന്നില്ല. ന്യൂറോളജി വിഭാഗത്തിലെ ഡോക്ടറെ അവിടെ നിന്നും സ്ഥലംമാറ്റുകയും ചെയ്തു. അതുപോലെ ക്യാൻസർ തെറാപ്പി യൂണിറ്റും പ്രവർത്തിക്കുന്നില്ല. ആധുനിക രീതിയിലുള്ള ഐ.സി.യു. യൂണിറ്റും കാത്ത് ലാബുമില്ല. അവിടെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവുണ്ട്. ഈ നിലയ്ക്ക് നമ്മുടെ ജില്ലാ ആശുപത്രി ഏറ്റവും ശോചനീയമായ അവസ്ഥയിലാണ്. ഈ ഗവൺമെന്റും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും പ്രത്യേകിച്ച് ഒരു സഹായവും ചെയ്തു തന്നിട്ടില്ല. ധാരാളം വാഗ്ദാനങ്ങൾ മാത്രമാണ് നടത്തിയിട്ടുള്ളത്. അവിടെ വരുന്ന രോഗികളെ ഡോക്ടർമാർ അപ്പോൾതന്നെ മെഡിക്കൽ കോളേജിലേക്ക് അയയ്ക്കുകയാണ് പതിവ്. 2013-ൽ ഇതിനെ ജനറൽ ആശുപത്രി ആക്കുമെന്നും 2014 -ൽ കൊല്ലം ജില്ലയ്ക്ക് ഒരു മെഡിക്കൽ കോളേജ് തരാമെന്നും പറഞ്ഞു. പക്ഷേ രണ്ടും നടന്നിട്ടില്ല. ജില്ലാ ആശുപത്രിപോലും ഫലപ്രദമായി പ്രവർത്തിപ്പിക്കാനുള്ള ഒരു സംവിധാനം ഇപ്പോഴില്ല. ചുരുക്കി പറഞ്ഞാൽ ഒരു കൊലപാതകം നടന്നാൽ പോസ്റ്റുമാർട്ടം നടത്തുന്നതിനുള്ള പോലീസ് സർജൻപോലുമില്ല. 2010-ൽ എൻ.ആർ.എച്ച്.എം. അനുവദിച്ച മൂന്നു കോടി രൂപ കൊണ്ട് കെട്ടിടനിർമ്മാണപ്രവർത്തനം പൂർത്തിയായി. പക്ഷേ, അവിടെ ഇലക്ട്രിഫിക്കേഷനാവശ്യമായ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ജില്ലാ

ആശുപത്രിയിൽ എത്തുന്ന രോഗികളുടെ എണ്ണം അടിക്കടി വർദ്ധിച്ചുവരികയാണ്. മഴക്കാലമായപ്പോൾ വീണ്ടും വർദ്ധിച്ചുവരികയും എന്നാൽ സൗകര്യങ്ങൾ കുറയുകയും ചെയ്യുന്നു. വളരെ ശോചനീയമായ അവസ്ഥയാണ് ഇവിടെയുള്ളത്. പ്രയാസകരമായ ഈ അവസ്ഥയിൽ സൗകര്യങ്ങളും ഡോക്ടർമാരുടെ എണ്ണവും കുറയുകയാണ്. മൂന്നു കോടി രൂപയുടെ കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കാനുള്ള പരിശ്രമംപോലും ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റ് ചെയ്യുന്നില്ല. അതുകൊണ്ട് ജില്ലാ ആശുപത്രി സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. ജനറൽ ആശുപത്രി ആക്കണമെന്ന് ഞാൻ ആവശ്യപ്പെടുന്നില്ല. ജില്ലാ ആശുപത്രി മെഡിക്കൽ കോളേജ് ആക്കുമെന്ന് 2013-ൽ തന്നെ പ്രഖ്യാപിച്ചതാണ്. എന്നാൽ അതിനാവശ്യമായ ഒരു കാര്യവും ചെയ്തിട്ടില്ല. ജില്ലാ ആശുപത്രിയുണ്ടെങ്കിലും ഒരു പ്രയോജനവും ഇല്ലാത്ത അവസ്ഥയാണ്. എല്ലാ ആശുപത്രിയിലും ധാരാളം ഡോക്ടർമാരുണ്ടെന്നാണ് കഴിഞ്ഞ ദിവസം അങ്ങ് പറഞ്ഞത്. എന്നാൽ ഈ ആശുപത്രിയിൽ ഡോക്ടർമാർ വളരെ കുറവാണ്. അതുകൊണ്ട് ജില്ലാ ആശുപത്രിയുടെ കാര്യത്തിൽ കുറെക്കൂടി പരിഗണന നൽകി ആശുപത്രിയെ സംരക്ഷിക്കുന്നതിനുള്ള നടപടി

സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ഗവണ്മെന്റ് ഓരോ ജില്ലയിലും ഒരു മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള തീരുമാനം എടുത്ത പശ്ചാത്തലത്തിൽ കൊല്ലം ജില്ലാ ആശുപത്രി സ്ഥലം അനുവദിപ്പിക്കുകയാണെങ്കിൽ മെഡിക്കൽ കോളേജ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമെന്ന് ഞാൻ പറഞ്ഞത് ശരിയാണ്. കൊല്ലം ജില്ലയ്ക്കുവേണ്ടി പാരിപ്പള്ളി മെഡിക്കൽ കോളേജ് ഏറ്റെടുക്കുന്നതിന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. 108 പോസ്റ്റുകൾ ക്രിയേറ്റ് ചെയ്ത് ഈ വർഷംതന്നെ അതിന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ജില്ലാ ആശുപത്രിക്ക് വലിയ പരിഗണന കൊടുത്തുകൊണ്ടാണ് ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഈ ആശുപത്രിയിൽ അനുവദിച്ചിട്ടുള്ള കിടക്കകളുടെ എണ്ണം 537 ആണെങ്കിലും I.C.U, I.C.C.U, S.I.C.U, Ortho എന്നീ വിഭാഗങ്ങളുൾപ്പെട്ട 578 കിടക്കകൾ ഉപയോഗത്തിലുണ്ട്. ഈ ആശുപത്രിയിലെ പ്രതിദിന ഒ.പി. 1800- ഉം ഐ.പി. 70 -ഉം ആണ്. അനുവദിക്കപ്പെട്ടിട്ടുള്ള ഡോക്ടർമാരുടെ തസ്തിക 54

ആണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിത വിഭാഗത്തിനോടുചേർന്ന് ലാബ്, എക്സ്റേ, സി.റ്റി. സ്കാൻ, ബ്ലഡ് ബാങ്ക് എന്നിവ പ്രവർത്തിക്കുന്നു. ഒ.പി. വിഭാഗത്തിലും ഐ.പി. വിഭാഗത്തിലുമുള്ള രോഗികൾക്ക് ജനറൽ മെഡിസിൻ, ജനറൽ സർജറി, ഓർത്തോ, ഇ.എൻ.ടി, ഒഫ്ത്താൽമോളജി, അനസ്തേഷ്യ, റേഡിയോളജി, സൈക്യാട്രി, ഡെർമറ്റോളജി, പി.എം.ആർ, പാലിയേറ്റീവ് കെയർ എന്നീ വിഭാഗങ്ങളുടെ സേവനങ്ങൾ നൽകിവരുന്നുണ്ട്. കാർഡിയോളജി വിഭാഗത്തിൽ സൂപ്പർ സ്പെഷ്യാലിറ്റി സേവനം നൽകുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ചുരുക്കം ചില സ്ഥാപനങ്ങളിലൊന്നാണ് കൊല്ലം ജില്ലാ ആശുപത്രി. ഈ ആശുപത്രിയിലെ ക്രിട്ടിക്കൽ കെയർ വാർഡിന്റെ നിർമ്മാണത്തിനായി 'ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുക' എന്ന പദ്ധതിയിലുൾപ്പെടുത്തി 25.10.2013-ന് 148 ലക്ഷം രൂപ 2013-14 സാമ്പത്തിക വർഷത്തിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ആയതിന്റെ തുടർനിർമ്മാണത്തിനായി 2015-16-ലെ ഇതേ പദ്ധതിപ്രകാരം 55,37,494/- (അൻപത്തിയഞ്ചുലക്ഷത്തി മുപ്പത്തിയേഴായിരത്തി നാന്നൂറ്റിതൊണ്ണൂറ്റിനാല്) രൂപ അനുവദിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ ആശുപത്രിയിൽ കീമോ തെറാപ്പി

സൗകര്യങ്ങളോടുകൂടി ക്യാൻസർ കെയർ പദ്ധതി ആരംഭിക്കുന്നതിനായി 2015-16-ലെ ആരോഗ്യ വകുപ്പിന്റെ 'ക്യാൻസർ കെയർ പദ്ധതി'-യിൽ 10 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അത് ഉടൻതന്നെ ആരംഭിക്കുന്നതാണ്. കൊല്ലം ജില്ലാ ആശുപത്രി ജനറൽ ആശുപത്രി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലെ യൂറോളജിസ്റ്റിന്റെ ഒഴിവ് ഹരിപ്പാട് ആശുപത്രിയിൽനിന്നും ലീൻ ഷിഫ്റ്റ് ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്. സൂപ്പർ സ്പെഷ്യാലിറ്റി കേഡറിലുള്ള തസ്തികകൾ, യൂറോളജി, ന്യൂറോളജി വിഭാഗങ്ങൾ ആരോഗ്യ വകുപ്പിന്റെ കീഴിൽ ഇല്ലാത്തതിനാലാണ് ഈ സ്പെഷ്യാലിറ്റികൾ ഇവിടെ പ്രത്യേക യൂണിറ്റായി പ്രവർത്തിക്കാത്തത്. കൂടാതെ 10 കിടക്കകളുള്ള ഒരു ഡയാലിസിസ് യൂണിറ്റും പ്രവർത്തിച്ചുവരുന്നുണ്ട്. ഈ ആശുപത്രിയിൽ കാത്ത് ലാബ് ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമായെങ്കിലും അനുവദിച്ച തുക അപര്യാപ്തമായതിനാൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല കൊല്ലം ജില്ലാ ആശുപത്രിയിൽ ആകെ അനുവദിച്ചിട്ടുള്ള 54 ഡോക്ടർമാരിൽ ഇപ്പോൾ 52 പേർ അവിടെ ജോലി ചെയ്യുന്നുണ്ട്. 42 പേർ പോസ്റ്റിന് against ആയും എൻ.ആർ.എച്ച്.എം. മുഖേന 4 ഉം അഡ്ഹോക് വ്യവസ്ഥയിൽ ഒരു ഡോക്ടറും ജോലിചെയ്യുന്നു. ഇതിനുപുറമെ വർക്കിംഗ്

അറേഞ്ചുമെന്റിൽ ജോലി നോക്കുന്ന 5 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുമുൾപ്പെടെ ആകെ 52 ഡോക്ടർമാർ ആ ആശുപത്രിയിൽ ജോലി ചെയ്യുന്നുണ്ട്. ഡോക്ടർമാരുടെ ഒഴിവുകളിൽ കൺസൽട്ടന്റ്, സീനിയർ കൺസൽട്ടന്റ്, ചീഫ് കൺസൽട്ടന്റ് എന്നിവ ഡിപ്പാർട്ടുമെന്റൽ പ്രൊമോഷൻ കമ്മിറ്റിയുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്ക് സ്ഥാനക്കയറ്റം നൽകി നികത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. സ്റ്റാഫ് നഴ്സ്, ഹെഡ് നഴ്സ്, നഴ്സിംഗ് ഓഫീസർ തുടങ്ങിയ മറ്റ് ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും പീഡനങ്ങളും</u>

<u>ശ്രീമതി കെ. എസ്. സലീഖ</u>: സർ, നമ്മുടെ സംസ്ഥാനത്ത് ബാലവിവാഹങ്ങൾ, പലതരത്തിലുള്ള ബാലപീഡനങ്ങൾ എന്നിവ ഞെട്ടിപ്പിക്കുന്ന തരത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതുപോലെ എല്ലാ നിയമങ്ങളും തെറ്റിച്ചുകൊണ്ടാണ് അനാഥാലയങ്ങളിലേയ്ക്ക് കുട്ടികളെ കടത്തിക്കൊണ്ടുപോകുന്നതുൾപ്പെടെയുള്ള കാര്യങ്ങൾ നടന്നു കൊണ്ടിരിക്കുന്നത്. 'സാംസ്കാരിക കേരളം' എന്നുവിശേഷിപ്പിക്കുന്ന കേരളത്തിൽ വ്യാപകമായ രീതിയിൽ വിവാഹ മോചനങ്ങൾ നടക്കുകയാണ്. സ്ത്രീകൾക്കെതിരായുള്ള അക്രമങ്ങൾ പലതരത്തിലാണ്. തൊഴിലെടുക്കുന്ന

ഇടങ്ങളിലൂൾപ്പെടെ സ്ത്രീകൾക്ക് സുരക്ഷിതത്വം ഇല്ലാത്ത സാഹചര്യത്തിലേയ്ക്ക് കേരളം പൊയ്ക്കൊണ്ടിരിക്കുന്നു എന്നുള്ളത് വളരെ ഗൗരവത്തോടുകൂടിയാണ് നാം കാണേണ്ടത്. ഇത്തരം കാര്യങ്ങൾക്കെതിരെ പോലീസ് സ്വീകരിക്കുന്ന നടപടികളിൽ വരുന്ന അനാസ്ഥ പലപ്പോഴും തെറ്റുകൾ ആവർത്തിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നുയെന്നുള്ളതും വളരെ ഗൗരവമായിട്ടെടുക്കേണ്ടതുണ്ട്. പോലീസിന്റെ ക്രൈം റിക്കോർഡ്സ് ബ്യൂറോയുടെ കണക്കുപ്രകാരം 2011 - 2015 കാലയളവിൽ ഒരുവയസ്സ് മുതൽ 17 വയസ്സുവരെയുള്ള പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾക്കുനേരെ നടന്നിട്ടുള്ള ബലാത്സംഗക്കേസ്സുകൾ, പ്രായപൂർത്തിയായ സ്ത്രീകൾക്കുനേരെ നടന്നിട്ടുള്ള കേസ്സുകൾ എന്നിവ നിരവധിയാണ്. സർക്കാരുദ്യോഗസ്ഥർ, പോലീസ് ഡിപ്പാർട്ടുമെന്റിലെ ഉദ്യോഗസ്ഥർ തുടങ്ങിയവർ കുറ്റവാളികളാകുന്ന സാഹചര്യം കേരളത്തിലുണ്ടാവുകയാണ്. അതിന്റെയെല്ലാം കണക്ക് ഗവൺമെന്റിന്റെ കയ്യിലുണ്ടോ എന്നറിയില്ല. പോലീസ് തന്നെ കുറ്റവാളികളായിട്ടുള്ള നിരവധി കേസ്സുകൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. നിയമസഭാ സമിതിയുടെ മുൻപിൽ നിരവധി പരാതികൾ വരാറുണ്ട്. അതിൽ പോലീസുകാർ കുറ്റവാളികളായിട്ടുള്ള കേസ്സുകളിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് ആഭ്യന്തര

വകുപ്പിലേയ്ക്കയച്ചാൽ റിപ്പോർട്ട് നൽകുന്നതിന് കാലതാമസം നേരിടുന്നു, അതല്ലെങ്കിൽ കുറ്റവാളിക്ക് രക്ഷപ്പെട്ടുപോകാൻ കഴിയുന്ന തരത്തിലേയ്ക്ക് റിപ്പോർട്ടുകൾ മാറിപ്പോകുന്നു എന്നത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയാത്തതാണെന്ന് വളരെ ഗൗരവമായിട്ടാണ് ഇവിടെ സൂചിപ്പിക്കുന്നത്. ട്രെയിനിൽ യാത്ര ചെയ്യുന്ന സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായുള്ള അക്രമങ്ങൾ പലതരത്തിലാണ് വർദ്ധിച്ചുകൊണ്ടിരിക്കുന്നത്. മരണങ്ങൾക്കുവരെ കാരണമായിത്തീരുന്നു. ഈ അടുത്ത ദിവസം പ്ലസ് ടൂ-വിന് പഠിക്കുന്ന മൂന്ന് പെൺകുട്ടികൾക്കുണ്ടായ ദാരുണമായ സംഭവം- ഇങ്ങനെ നിരവധി കാര്യങ്ങളാണ് നമ്മുടെ നാട്ടിൽ സ്ത്രീകളുമായി, പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുമായി ബന്ധപ്പെട്ടുകൊണ്ട് നടക്കുന്നത്. പോലീസ് വളരെ ഗൗരവത്തോടുകൂടി ഈ വിഷയം ഏറ്റെടുക്കേണ്ടതുണ്ട്. അവർക്ക് സംരക്ഷണം കൊടുക്കുന്ന രീതിയിൽ ഗവൺമെന്റ് നിലപാട് സ്വീകരിക്കേണ്ടതുണ്ട്, പ്രത്യേകിച്ച് നവമാധ്യമങ്ങളുടെ ഈ കാലഘട്ടത്തിൽ. കുട്ടികളും യുവാക്കളുമൊക്കെ ഇത് വലിയ രീതിയിൽ ഉപയോഗിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികളുടെ തിരോധാനത്തിലും അവർ ഏറ്റുവാങ്ങുന്ന പീഡനങ്ങളിലുമൊക്കെ ഇത്തരം മാധ്യമങ്ങളുടെ സ്വാധീനം വളരെ വലുതാണ്. ഈ

സാഹചര്യത്തിൽ, നവമാധ്യമങ്ങളുടെ ദുരുപയോഗം തടയുന്നതിനുവേണ്ടി കുട്ടികളിൽ ഒരു നവമാധ്യമ സാക്ഷരത വളർത്തിയെടുത്ത്, മേൽപ്പറഞ്ഞ ഇടപെടലുകൾ നടത്താനുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകേണ്ടതുണ്ട്. അതോടൊപ്പംതന്നെ ഈ വിഭാഗത്തിൽപ്പെട്ടവർക്ക് സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടിയുള്ള ഇടപെടലിന്റെ ഭാഗമായി ഇത്തരം കേസ്സുകളിൽ തീർപ്പുണ്ടാക്കുന്നതിനുവേണ്ടി മുഖ്യമന്ത്രിയുടെ അല്ലെങ്കിൽ ആഭ്യന്തര വകുപ്പുമന്ത്രിയുടെ കീഴിൽ ഒരു പ്രത്യേക സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൂടി ഉണ്ടാകണമെന്ന് ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായിട്ടുള്ള കുറ്റകൃത്യങ്ങൾ സംസ്ഥാനത്ത് നേരിയതോതിൽ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ത്രീ സുരക്ഷാ പദ്ധതികൾവഴി സ്ത്രീകൾക്കിടയിൽ നടത്തുന്ന ബോധവൽക്കരണ പ്രവർത്തനത്തിന്റെ ഫലമായി തങ്ങൾക്കിടയിലുണ്ടാകുന്ന ചെറുതും വലുതുമായ എല്ലാ അതിക്രമങ്ങളും പോലീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് സ്ത്രീകൾ തയ്യാറാകുന്നതുമൂലവും, ലഭിക്കുന്ന പരാതികളിലെല്ലാം കേസ് രജിസ്റ്റർ ചെയ്ത്

നിയമനടപടികൾ സ്വീകരിക്കുന്നതുമൂലവും കേസ്സുകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്. എന്തെങ്കിലും സംഭവമുണ്ടായാലുടൻ കേസ് കൊടുക്കണം എന്നുള്ള അവബോധം സ്ത്രീകൾക്കിടയിലുണ്ട് എന്നുള്ളത് പ്രധാനപ്പെട്ട കാര്യം തന്നെയാണ്. കുറ്റകൃത്യങ്ങൾക്കെതിരെ പൊതുജനങ്ങൾക്കിടയിലുള്ള അവബോധവും സാക്ഷരതയുടെ കാര്യത്തിൽ കേരളം മുൻപന്തിയിലായതിനാലും മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് പോലീസ് സ്റ്റേഷനുകൾ തമ്മിലുള്ള ദൂരപരിധി കുറവായതിനാലും സംസ്ഥാനത്തെ ഏത് പോലീസുദ്യോഗസ്ഥന്റെ മുമ്പിലും പരാതികൾ സമർപ്പിക്കാനുള്ള സൗകര്യങ്ങളുള്ളതുകൊണ്ടും കേസ് രജിസ്ട്രേഷന്റെ എണ്ണം വർദ്ധിക്കുന്നു എന്നുള്ളത് ശരിയാണ്. Prohibition of Child Marriage Act പ്രകാരം 2012-ൽ 6 ഉം 2013- ൽ 11 ഉം 2014-ൽ 19 ഉം കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015 ജൂൺ മാസംവരെ 6 കേസ്സുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സമ്പൂർണ്ണ സാക്ഷരത നേടിയ സംസ്ഥാനം എന്നവകാശപ്പെടുന്ന കേരളത്തിൽ വിദ്യാഭ്യാസ മൂല്യങ്ങൾക്കും കുടുംബബന്ധങ്ങൾക്കും കാര്യമായ പ്രാധാന്യം കൽപ്പിക്കാത്തവർക്കിടയിലാണ് ബാലവിവാഹങ്ങൾ നടക്കുന്നത്. നിലവിലുള്ള കർശന നിയമങ്ങളെക്കുറിച്ച് ബോധവാന്മാരല്ലായെന്നതും ഒരു ഘടകമാണ്.

ബാലവിവാഹങ്ങളെക്കുറിച്ച് പരാതികൾ ലഭിക്കുന്ന ഉടൻതന്നെ കേസ് രജിസ്റ്റർ ചെയ്ത് ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യക്ഷേമ വകുപ്പും ശക്തമായ നടപടികൾ സ്വീകരിച്ചുവരികയാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാനായി സംസ്ഥാനത്ത് വനിതാ ഹെൽപ്പ് ലൈൻ 24 മണിക്കൂറും പ്രവർത്തിച്ചുവരുന്നു. മാത്രമല്ല, പുതിയതായി 6 വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനിച്ചു. അതിൽ തൃശ്ശൂർ, ആലപ്പുഴ എന്നിവിടങ്ങളിലെ പോലീസ് സ്റ്റേഷനുകൾ ഉദ്ഘാടനം ചെയ്തുകഴിഞ്ഞു. ഈ പോലീസ് സ്റ്റേഷനുകളിലെ മുഴുവൻ ഉദ്യോഗസ്ഥരും വനിതകളായിരിക്കും. ജില്ലാടിസ്ഥാനത്തിൽ ജൂറിസ്ഡിക്ഷനുള്ള പോലീസ് സ്റ്റേഷനുകളാണിത്. സ്ത്രീകൾക്ക് പരാതി പറയാനുള്ള അവസരം ഇവിടെയുണ്ട്. മാത്രമല്ല, നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ Women Help Desk സംവിധാനവും നിലവിലുണ്ട്. ഈ രംഗത്ത് കർശന നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജനമൈത്രി പോലീസ്, ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് പ്രോഗ്രാം, സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്നിവ ഉപയോഗിച്ച് ശക്തമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആന്റി ഹ്യൂമൺ ട്രാഫിക് യൂണിറ്റ്, ഡിപ്പാർട്ടുമെന്റ്

ഓഫ് സോഷ്യൽ ജസ്റ്റിസ്, ചൈൽഡ് വെൽഫെയർ കമ്മിറ്റി, ചൈൽഡ്‌ലൈൻ സർവ്വീസസ്, സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, കുടുംബശ്രീ യൂണിറ്റുകൾ, ജനമൈത്രി പോലീസ് എന്നിവയുടെ സഹകരണത്തോടെ കുറ്റകൃത്യങ്ങൾക്കെതിരെ വ്യാപകമായ ബോധവൽക്കരണ നടപടികൾ സ്വീകരിച്ചുവരികയാണ്. അതുപോലെ വിവാഹ മോചനക്കേസ്സുകളിൽപ്പെടുന്ന സ്ത്രീകൾക്കും ബാലപീഡനങ്ങൾക്കിരയാകുന്ന കുട്ടികൾക്കും കൗൺസലിംഗും മറ്റ് മാർഗ്ഗനിർദ്ദേശങ്ങളും നൽകിവരികയാണ്. നിസ്സാര കാര്യങ്ങളുടെ പേരിലുണ്ടാകുന്ന ചെറിയ സൗന്ദര്യപ്പിണക്കങ്ങൾപോലും വിവാഹ മോചനത്തിലേയ്ക്കുപോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടപ്പോൾ ജനമൈത്രി, വനിതാ സെൽ എന്നിവയുടെ നേതൃത്വത്തിൽ ബോധവൽക്കരണവും കൗൺസലിംഗും നടത്തി വരുന്നുണ്ട്. വിവാഹ മോചന നടപടികൾ കുടുംബകോടതികൾ വഴിയാണ് നടക്കുന്നത്. കുടുംബപ്രശ്നങ്ങൾ സംബന്ധിച്ച പരാതികളിൽ ഇരുകക്ഷികളെയും വിളിച്ചുവരുത്തി വക്കീൽ മുഖേന സൗജന്യ നിയമസഹായം നൽകിയും കൗൺസലിംഗ് നടത്തിയും പരിഹരിച്ചുവരുന്നു. സ്ത്രീകൾക്ക് നിലവിൽ ലഭിച്ചുവരുന്ന എല്ലാ പരിരക്ഷയും വിധവകൾക്കും

ലഭിക്കുന്നുണ്ടെന്നുള്ള കാര്യം പോലീസ് ഉറപ്പുവരുത്തുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ സംബന്ധിച്ച് രജിസ്റ്റർ ചെയ്യുന്ന കേസ്സുകളിന്മേൽ ഫലപ്രദമായ അന്വേഷണം നടത്തി പ്രതികൾക്ക് പരമാവധി ശിക്ഷ ഉറപ്പാക്കാൻ ശ്രമിക്കുന്നുണ്ട്. ഉദാഹരണത്തിന് - തൃശ്ശൂരിൽ സൗമ്യയെ ട്രെയിനിൽ നിന്നുതള്ളിയിട്ട് ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസ്, വയനാട്ടിൽ അനിത എന്ന പെൺകുട്ടിയെ വിവാഹ വാഗ്ദാനം നൽകി വിളിച്ചുകൊണ്ടുപോയി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസ്, കായംകുളത്ത് സ്മിത എന്ന സ്ത്രീയെ വിജനമായ സ്ഥലത്തുവച്ച് ബലാത്സംഗം ചെയ്തു കൊലപ്പെടുത്തിയ കേസ്, ഒറ്റപ്പാലത്ത് ആര്യ എന്ന പെൺകുട്ടിയെ വീട്ടിൽ കയറി ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയ കേസ്- ഈ കേസ്സുകളിലെല്ലാം സ്തുത്യർഹമായ അന്വേഷണം നടത്തി പ്രതികൾക്ക് വധശിക്ഷ വാങ്ങിക്കൊടുക്കാൻ പോലീസിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷ ഉറപ്പുവരുത്തുന്നത് ലക്ഷ്യംവച്ച് 18.03.2013-ൽ 119/2013/എസ്.ജെ.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പോലീസ് വകുപ്പിന്റെ നേതൃത്വത്തിൽ 'നിർഭയ കേരളം, സുരക്ഷിത കേരളം' എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. എറണാകുളം കോർപ്പറേഷൻ അതിർത്തിയിലാണ് ഈ

പദ്ധതി ഇപ്പോൾ നടക്കുന്നത്. തിരുവനന്തപുരം, കോഴിക്കോട് എന്നീ കോർപ്പറേഷൻ അതിർത്തികളിൽ ഈ പദ്ധതി ഉടൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

## സി.ബി.ഐ. അന്വേഷണം

ശ്രീ. വി. ഡി. സതീശൻ: സർ, ടി. പി. ചന്ദ്രശേഖരന്റെ ക്രൂരമായ കൊലപാതകത്തിന്റെ നടുക്കത്തിൽനിന്ന് കേരളം ഇതുവരെയും വിമുക്തമായിട്ടില്ല. കൊന്നവരെ നിയമത്തിനുമുന്നിലെത്തിക്കാൻ കേരളാപോലീസിന് കഴിഞ്ഞെങ്കിലും കൊല്ലിച്ചവരെ നിയമത്തിനു മുന്നിലെത്തിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. കഴിഞ്ഞ വർഷം ജനുവരി 22-ാം തീയതി ഇതുസംബന്ധിച്ച് ഞാനും ശ്രീ. ടി. എൻ. പ്രതാപനും ബഹുമാന്യനായ ആഭ്യന്തര വകുപ്പുമന്ത്രിക്ക് ഒരു നിവേദനം നൽകുകയുണ്ടായി. ഇതേ ആവശ്യം ഉന്നയിച്ച് ടി. പി. ചന്ദ്രശേഖരന്റെ സഹധർമ്മിണിയായ ശ്രീമതി കെ. കെ. രമയും നിവേദനം നൽകുകയുണ്ടായി. ഇതേത്തുടർന്ന്, ഐ.ജി. ശങ്കർ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള ഒരു പ്രത്യേക അന്വേഷണസംഘത്തെ ആഭ്യന്തര വകുപ്പ് നിയോഗിച്ചിരുന്നു. ഈ അന്വേഷണം നടന്നുകൊണ്ടിരിക്കുമ്പോഴാണ് ഈ കേസ് സി.ബി.ഐ.-ക്ക് നൽകിയത്. എന്നാൽ സി.ബി.ഐ. ഇതുവരെയും

അന്വേഷണം ഏറ്റെടുത്തിട്ടില്ല; എന്തുകൊണ്ടാണ് സി.ബി.ഐ. അന്വേഷണം ഏറ്റെടുക്കാത്തതെന്ന് വ്യക്തമല്ല. അതേയവസരത്തിൽ, ഐ.ജി. ശ്രീ. ശങ്കർറെഡ്ഡിയുടെ അന്വേഷണവും എങ്ങും എത്തിയിട്ടില്ല. ഈ സാഹചര്യത്തിൽ, ഒരു രാഷ്ട്രീയ പ്രവർത്തകനെ, ഒരു രാഷ്ട്രീയ നേതാവിനെ ക്രൂരമായി കൊലചെയ്ത സംഭവത്തിൽ, ഗൂഢാലോചന നടത്തിയ പ്രതികളെ നിയമത്തിനുമുന്നിൽ എത്തിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് വളരെ ദൗർഭാഗ്യകരമായ ഒരു കാര്യമാണ്. ഇതിന് എന്തുനടപടിയാണ് ഗവൺമെന്റ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; ഐ.ജി. ശ്രീ. ശങ്കർ റെഡ്ഡിയുടെ നേതൃത്വത്തിലുള്ള അന്വേഷണമാണോ തുടരുന്നത് അല്ലെങ്കിൽ സി.ബി.ഐ.-യെക്കൊണ്ട് ഈ കേസ് അന്വേഷിപ്പിക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോയെന്ന് അങ്ങ് വ്യക്തമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, 04-05-2012-ൽ റെവല്യൂഷണറി മാർക്സിസ്റ്റ് പാർട്ടി നേതാവായിരുന്ന ടി. പി. ചന്ദ്രശേഖരനെ രാത്രിയിൽ ഒഞ്ചിയത്തുള്ള വള്ളിക്കാട് അങ്ങാടിയിൽവച്ച് വെട്ടിക്കൊലപ്പെടുത്തിയതിന് വടകര പോലീസ് രജിസ്റ്റർ ചെയ്ത ക്രൈം നമ്പർ

433/12-ാം നമ്പർ കേസ് വടകര ഡിവൈ.എസ്.പി. അന്വേഷണം നടത്തി വരവേ, 05-05-2012 മുതൽ ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി. ശ്രീ. വിൻസൻ എം. പോളിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണസംഘത്തെ ചുമതലപ്പെടുത്തി. അന്വേഷണം പൂർത്തിയാക്കി വടകര ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി മുമ്പാകെ ഇന്ത്യൻ ശിക്ഷാ നിയമം 143, 147, 148, 302, 149, 465, 471, 118/2001, 2002, 120(b), 150 എന്നീ വകുപ്പുകൾ പ്രകാരവും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ടിലെ 3(5) വകുപ്പ് പ്രകാരവും 13-08-2012-ൽ 76 പ്രതികളുടെ പേരിൽ കുറ്റപത്രം സമർപ്പിച്ചു. ഈ കേസ്സിന്റെ വിസ്താരം എസ്.ഇ./867/2012 നമ്പറായി ബഹുമാനപ്പെട്ട കോഴിക്കോട് സെഷൻസ് കോടതിയിൽ നടന്നു. ഈ കേസ്സിലെ രണ്ടുപ്രതികൾ ഒളിവിൽ പോയിരുന്നു. കോടതിയിൽ ഹാജരായ 74 പ്രതികളിൽ രണ്ടുപ്രതികളുടെ കേസ് കോടതി ഡിസ്ചാർജ്ജ് ചെയ്യുകയും 15 പ്രതികളുടെ പേരിലുള്ള കേസ് ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്യുകയും ചെയ്തു. ശേഷിച്ച 57 പ്രതികളിൽ 9-ാം പ്രതി സി.എച്ച്. അശോകൻ മരിച്ചു. 44 പ്രതികളെ രണ്ട് ഘട്ടങ്ങളിലായി കോടതി കുറ്റവിമുക്തരാക്കുകയും 12 പ്രതികൾക്ക് ശിക്ഷ വിധിക്കുകയും ചെയ്തു. ശിക്ഷിക്കപ്പെട്ട 8-ാം പ്രതി കെ. സി. രാമചന്ദ്രൻ, 11-ാം പ്രതി ട്രൗസർ

മനോജൻ എന്ന മനോജൻ, 13-ാം പ്രതി കുഞ്ഞനന്ദൻ എന്നിവരാണ് ഗൂഢാലോചന കുറ്റത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ളത്. ഒളിവിൽ പോയ രണ്ടുപ്രതികൾ പിന്നീട് പിടിയിലായതിന്റെ അടിസ്ഥാനത്തിൽ അവരുടെ പേരിലുള്ള കേസ് കോടതിയിൽ നടന്നുവരുന്നു. കോടതിവിധിയെത്തുടർന്ന്, ടി. പി. ചന്ദ്രശേഖരന്റെ ഭാര്യ ശ്രീമതി കെ. കെ. രമ നൽകിയ പരാതിയിൽ 2009 മുതൽ ടി. പി. ചന്ദ്രശേഖരനെ വധിക്കുന്നതിന് സി.പി.(ഐ.)എം. ഗൂഢാലോചന നടത്തിയതായും ഇതുമായി ബന്ധപ്പെട്ട് ഒരു വധഗൂഢാലോചന കേസ് ചൂഴമ്പാല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതായും ആയത് കോഴിക്കോട് അഡീഷണൽ സെഷൻസ് കോടതിയിൽ നിലവിലിരിക്കുന്നതാണെന്നും വിചാരണ പൂർത്തിയായ പ്രസ്തുത വധക്കേസ്സിൽ തെളിവുകൾ പരിശോധിച്ച സി.പി.ഐ.(എം)-ന്റെ ഗൂഢാലോചന വെളിവാകുന്നതും ആയതിനാൽ ഈ കേസ്സിന്റെ തുടരന്വേഷണം സി.ബി.ഐ.-യെക്കൊണ്ട് അന്വേഷിക്കണമെന്നാ വശ്യപ്പെട്ടുകണ്ടായി. രാജ്യാന്തര ബന്ധമുള്ള തീവ്രവാദബന്ധം സംശയിക്കുന്ന ഫയാസ് എന്ന കള്ളക്കടത്തുകാരനുമായി കൊലയാളി സംഘങ്ങൾക്ക് ബന്ധമുണ്ടോയെന്നതുകൂടി പരിഗണിച്ച് ടി.പി. ചന്ദ്രശേഖരൻ വധത്തിനുപിന്നിലുള്ള ഗൂഢാലോചനയിൽ ഒരു അന്വേഷണം

ആവശ്യമാണെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ്, ശ്രീ. വി. എസ്. അച്ചുതാനന്ദൻ, 07-02-2014-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നൽകിയ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ആ കത്ത് മുഖ്യമന്ത്രി എനിക്ക് നൽകുകയുണ്ടായി. ശ്രീ. ടി. എൻ. പ്രതാപൻ, ശ്രീ. വി. ഡി. സതീശൻ, ശ്രീ. പി. സി. ജോർജ്, ശ്രീ. വി. എം. സുധീരൻ എന്നീ അംഗങ്ങളും ഇതുസംബന്ധിച്ച് എനിക്ക് കത്ത് നൽകുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ആഭ്യന്തര വകുപ്പിന്റെ ഉത്തരവ് പ്രകാരം 03-02-2014-ൽ കോഴിക്കോട് ഇടച്ചേരി പോലീസ് സ്റ്റേഷനിൽ ഐ.പി.സി. 120(b), 302 എന്നീ വകുപ്പുകൾപ്രകാരം ക്രൈം 85/2014 നമ്പരായി കേസ് രജിസ്റ്റർ ചെയ്തു. ഈ കേസ്സന്വേഷണത്തിനായി സംസ്ഥാന പോലീസ് മേധാവിയുടെ 04-02-2014-ലെ D(3)/12044/2014 നമ്പർ പ്രകാരം ഉത്തരമേഖലാ എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ നിയോഗിക്കുകയും ചെയ്തു. പ്രസ്തുത അന്വേഷണം തുടരവേ 21-02-2014 -ലെ ഉത്തരവ് പ്രകാരം ഇടച്ചേരി പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത കേസ്സിൽ സി.ബി.ഐ. അന്വേഷണം സാദ്ധ്യമാകുന്നതിലേക്കായി സംസ്ഥാന സർക്കാർ ഡൽഹി സ്പെഷ്യൽ പോലീസ് ആക്ട് പ്രകാരം അനുമതി നൽകി. 25-

02-2014-ലെ കത്ത് പ്രകാരം പ്രസ്തുത കേസന്വേഷണം സി.ബി.ഐ.യ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാരിന് കത്ത് നൽകുകയും ചെയ്തു. എന്നാൽ ഈ കേസ്സിന്റെ ഭാഗമായി, ഗൂഢാലോചന സംബന്ധിച്ച കേസ്സും സംസ്ഥാന പോലീസ് തന്നെ ഈ കേസ് അന്വേഷിക്കണമെന്നും പ്രധാന പ്രതികളെയെല്ലാം കോടതി ശിക്ഷിച്ച സാഹചര്യത്തിൽ പ്രസ്തുത കേസന്വേഷണം നേരിട്ടേറ്റെടുക്കാൻ കഴിയില്ലെന്നും 04-03-2014-ൽ സി.ബി.ഐ.-യുടെ ചെന്നൈ സോണിൽനിന്നും സർക്കാരിന് മറുപടി ലഭിക്കുകയുണ്ടായി. സി.ബി.ഐ.-യുടെ മറ്റൊരു മറുപടിയായ Under Secretary to Government of India-യുടെ 27 മെയ് 2014-ലെ കത്തിൽ 'CBI is unable to take up this case for investigation' എന്ന് പറയുന്നുണ്ട്. ഈ കേസന്വേഷണം നടത്തി പ്രതികളെ ശിക്ഷിച്ചുവെന്നുള്ള കാരണമാണ് ഇതിലും സൂചിപ്പിക്കുന്നത്. എന്നാൽ ഇതുസംബന്ധിച്ച് പ്രതിപക്ഷ നേതാവ് വീണ്ടും കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ രാജ്യാന്തര ബന്ധമുള്ള തീവ്രവാദബന്ധം സംശയിക്കുന്ന കേസ്സിന്റെ അന്വേഷണം സി.ബി.ഐ.യെ ഏൽപ്പിക്കുന്നതിനുള്ള നടപടിയെടുക്കണമെന്ന് കാണിച്ചുകൊണ്ട് 21-03-2014-ൽ വീണ്ടും കേന്ദ്രസർക്കാരിന് കത്ത് അയയ്ക്കുകയുണ്ടായി. 27-05-2014

പ്രകാരമുള്ള ആ കത്തും സി.ബി.ഐ. നിരസിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് രണ്ട് കത്തുകൾ കേന്ദ്രസർക്കാരിന് അയയ്ക്കുകയുണ്ടായി. ഈ കേസ് സി.ബി.ഐ. ഏറ്റെടുത്തില്ലെങ്കിലും സംസ്ഥാന പോലീസിന്റെ (എ.ഡി.ജി.പി. (നോർത്ത്)) നേതൃത്വത്തിൽ അന്വേഷണം നടത്തിവരികയാണ്. അതിന്റെയൊരു പ്രശ്നം, കൂടുതൽ അന്വേഷണത്തിനായി സി.ഡി.ആർ. (കോൾ ഡീറ്റയിൽസ് റിക്കോർഡ്സ്) ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി ലഭിക്കുന്നതിന് സർവ്വീസ് പ്രൊവൈഡേഴ്സിന് അന്വേഷണ സംഘം അപേക്ഷ നൽകി. അങ്ങനെ അപേക്ഷ നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒരു വർഷം കഴിഞ്ഞുപോയതുകൊണ്ട് ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി നൽകാൻ നിർവ്വാഹമില്ല എന്ന് ഐഡിയൽ ഉൾപ്പെടെയുള്ള സർവ്വീസ് പ്രൊവൈഡേഴ്സ് അറിയിക്കുകയുണ്ടായി. സി.ഡി.ആർ.-ന്റെ ഐ.ടി. സർട്ടിഫിക്കറ്റ് അടങ്ങിയ കോപ്പി ലഭിച്ചാൽമാത്രമേ അന്വേഷണം മുന്നോട്ടുപോകുകയുള്ളൂ. അത് തരണമെങ്കിൽ സർവ്വീസ് പ്രൊവൈഡേഴ്സ് വേണം. അതിന് കേന്ദ്രസർക്കാരിന്റെ അനുമതി ആവശ്യമുണ്ട്. സംസ്ഥാന ഗവൺമെന്റ് രണ്ടുതവണ ഇത് ആവശ്യപ്പെട്ടുകൊണ്ട് കേന്ദ്രസർക്കാരിന് കത്ത് നൽകിയിരിക്കുകയാണ്. കേന്ദ്രസർക്കാരിന്റെ അനുമതി ലഭിക്കാതെ സംസ്ഥാന സർക്കാരിന് ഈ

കേസിന്റെ സി.ഡി.ആർ. പരിശോധിക്കാൻ കഴിയാത്തൊരു അവസ്ഥയാണുള്ളത്. സംസ്ഥാന ഗവൺമെന്റിന്റെ ആഭ്യന്തര വകുപ്പുസെക്രട്ടറി ഇതുസംബന്ധിച്ചൊരു കത്ത് വീണ്ടും കേന്ദ്രസർക്കാരിന് എഴുതിയിട്ടുണ്ട്. സർവ്വീസ് പ്രൊവൈഡേഴ്സ് അത് അനുവദിച്ച് ഐ.ടി. സർട്ടിഫിക്കറ്റുകൂടി കിട്ടിയെങ്കിൽ മാത്രമേ സി.ഡി.ആർ.-ന്റെ ഓതന്റിസിറ്റി നിശ്ചയിക്കുകയും അത് കോടതിയിൽ കൊടുക്കാനും അതനുസരിച്ചുള്ള അന്വേഷണം മുന്നോട്ടുകൊണ്ടുപോകാനും സാധിക്കുകയുള്ളൂ. ഐ.ടി. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി സംസ്ഥാന സർക്കാർ വീണ്ടും കേന്ദ്രസർക്കാരിനെ സമീപിച്ചിരിക്കുകയാണ്. സർവ്വീസ് പ്രൊവൈഡേഴ്സ് അത് തന്നുകഴിഞ്ഞാൽ ആ അന്വേഷണം കൂടുതലായി മുന്നോട്ടുപോകുന്നതാണ്. ഈ അന്വേഷണം മുന്നോട്ടുകൊണ്ടുപോകണമെന്ന താൽപ്പര്യമാണ് ഗവൺമെന്റിനുള്ളത്. അതിന്റെയടിസ്ഥാനത്തിൽ അന്വേഷണം മുന്നോട്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്.

## കൃഷിക്കും വീടുകളിലെ ഉപഭോഗത്തിനുമുള്ള വൈദ്യുതി നിരക്ക്

**ശ്രീ. റോഷി അഗസ്റ്റിൻ:** സർ, കാർഷികാവശ്യത്തിനുവേണ്ടി

കർഷകർ എടുത്തിട്ടുള്ള ത്രീ ഫേസ് കണക്ഷൻ വൈദ്യുതി നിരക്കിൽ വൻ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. പഴം, പച്ചക്കറികൾ, പയർ വർഗ്ഗങ്ങൾ എന്നിവയുടെ കൃഷിക്കുപുറമെ നാണ്യവിളകൾക്കാവശ്യമായ ജലസേചനത്തിനും LT5 സ്കീമിലുൾപ്പെടുത്തി കർഷകർക്ക് സബ്സിഡി നൽകിയിരുന്നു. 01.06.2012 വരെ LT5 യൂണിറ്റിന് 1.10 രൂപ നിരക്കാണ് നിലനിന്നിരുന്നതെങ്കിലും ഇതിൽ 45 പൈസ സബ്സിഡിയായും നൽകിയിരുന്നു. തൻമൂലം ഒരു യൂണിറ്റിന് 65 പൈസ മാത്രമാണ് കർഷകർ അടയ്ക്കേണ്ടിയിരുന്നത്. എന്നാൽ 01.05.2013 മുതൽ ഈ നിരക്ക് ഒന്നര രൂപയാക്കി ഉയർത്തിയെങ്കിലും 85 പൈസ സബ്സിഡി അനുവദിച്ചു. എന്നാൽ 2014 ഓഗസ്റ്റിലുണ്ടായ വർദ്ധനവ് പ്രകാരം ഈ നിരക്ക് 5 രൂപ 20 പൈസയായി ഉയർത്തുകയും ചെറുകിട നാണ്യവിള കർഷകരെ ഈ ആനുകൂല്യത്തിൽനിന്ന് ഒഴിവാക്കുകയും ചെയ്തു. തന്മൂലം ചെറുകിട സമ്മിശ്ര കൃഷിക്ക് സബ്സിഡി ആനുകൂല്യം ലഭ്യമായില്ല. ഇതോടെ യൂണിറ്റിന് 65 പൈസ മാത്രമായിരുന്ന വൈദ്യുതി നിരക്ക് 5 രൂപ 20 പൈസ അടയ്ക്കേണ്ട സാഹചര്യത്തിൽ കർഷകരെത്തിയിരിക്കുന്നു.

രണ്ട് ഹെക്ടറിൽ താഴെ മാത്രം കൃഷി ചെയ്യുന്ന ജില്ലയിലെ ചെറുകിട കർഷകർ ജാതി, ഗ്രാമ്പൂ, കുരുമുളക്, ഏലം, വാനില, കൊക്കോ തുടങ്ങിയ നാണ്യവിളകളോടൊപ്പം പഴം, പച്ചക്കറി, പയർ വർഗ്ഗങ്ങൾ ഉൾപ്പെടുത്തി സമ്മിശ്ര കൃഷി രീതിയാണ് അവലംബിച്ചുവരുന്നത്. ഇവയ്ക്കെല്ലാം ജലസേചനം ആവശ്യമാണ്. വീടുകളിലെ വൈദ്യുതി ഉപഭോഗത്തിന്റെ സ്ലാബുകളിൽ വരുത്തിയ വ്യത്യാസവും സാധാരണക്കാർക്ക് അധിക ബാധ്യതയായി. സ്ലാബുകൾ പുതുക്കുന്നതിനുമുമ്പ് 40 യൂണിറ്റ് ഉപയോഗത്തിന് ഒന്നര രൂപയും 80 യൂണിറ്റിന് 2 രൂപ 20 പൈസയുമായിരുന്നു. ഇത് 60 യൂണിറ്റിന് 2 രൂപ 20 പൈസയും 100 യൂണിറ്റ് വരെ 3 രൂപ 20 പൈസയുമായി ഉയർന്നു. ഒരു സാധാരണ കുടുംബം ഒരു മാസം 100 യൂണിറ്റിൽ താഴെ മാത്രമാണ് വൈദ്യുതി ഉപഭോഗം നടത്തുന്നത്. കാർഷിക വിളകളുടെ വിലത്തകർച്ചയും കാലാവസ്ഥാ വ്യതിയാനവുംമൂലം കഷ്ടപ്പെടുന്ന ചെറുകിട കർഷകർക്ക് ഈ നിരക്ക് വർദ്ധനവ് വൻ ബാദ്ധ്യതയാണ് വരുത്തിയിരിക്കുന്നത്. സാധാരണക്കാരായ കർഷകരുടെ അനുദിന ജീവിതത്തെ സാരമായി

ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിനായി നാണ്യവിളകളുടെ കൃഷിക്കുള്ള ജലസേചനത്തിന് എടുത്തിട്ടുള്ള വൈദ്യുത കണക്ഷൻകൂടി LT 5 നിരക്കിൽ നിലനിർത്തി സബ്സിഡി ലഭ്യമാക്കുന്നതിനും വീടുകളുടെ വൈദ്യുതി ഉപഭോഗത്തിന്റെ സ്ലാബ് 100 യൂണിറ്റ് വരെ ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നുള്ളതാണ് സബ്മിഷൻ.

ഊർജ്ജ വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>): സർ, ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെ വൈദ്യുതി നിരക്കിൽ ചെറിയ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. പഴം, പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയ കൃഷികൾക്ക് പഴയ നിരക്കിൽത്തന്നെ വൈദ്യുത സബ്സിഡി നൽകിവരുന്നുണ്ട്. കോഴി വളർത്തൽ, പന്നി വളർത്തൽ, മുയൽ വളർത്തൽ എന്നിവയ്ക്ക് നൽകുന്ന വൈദ്യുതി നിരക്കിലും ചെറിയൊരു വർദ്ധനവുണ്ടായിട്ടുണ്ട്. ഏലം, കാപ്പി, റബ്ബർ, കുരുമുളക്, തെങ്ങ് തുടങ്ങിയ കൃഷികൾക്കായി നൽകുന്ന വൈദ്യുതി നേരത്തെ ഒരു താരിഫിലും ഉൾപ്പെട്ടിരുന്നില്ല. അതുകൊണ്ട് നെൽകൃഷിക്കുമുഴുവൻ ഏരിയ

നോക്കാതെതന്നെ നൽകുകയാണ്. അതുപോലെ പഴവർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയ കൃഷികൾക്ക് ഒരു നിശ്ചിത ശതമാനമാണ് സബ്സിഡി നൽകി വരുന്നത്. ആ കാറ്റഗറിയിലെ താരിഫിൽ ഉൾപ്പെടുത്തിയാണ് ഇവരിൽനിന്ന് തുക കളക്ട് ചെയ്തിരുന്നത്. റബ്ബർ, കാപ്പി, തേയില തുടങ്ങിയവ കൃഷി ചെയ്യുന്ന തോട്ടങ്ങൾ ഇതിൽ വരുന്നതല്ല എന്നുള്ള നിഗമനത്തിലാണ് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എത്തിയത്. താരിഫ് തീരുമാനിക്കുന്നതിനുള്ള അധികാരം ഗവൺമെന്റിനോ കെ.എസ്.ഇ.ബി.ക്കോ ഇല്ല. 2003-ലെ ആക്ട് അനുസരിച്ച് ഇതിനുള്ള അധികാരം റെഗുലേറ്ററി കമ്മീഷനാണ്. എന്നാൽ ഞാൻ ഇടുക്കിയിൽ ചെന്നപ്പോൾ അവിടെയുള്ള കൃഷിക്കാരും മറ്റും ഇതുസംബന്ധിച്ച് എന്നോട് സംസാരിക്കുകയും നിവേദനം നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ഇത് പുന:പരിശോധിക്കണമെന്ന് റെഗുലേറ്ററി കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്. റെഗുലേറ്ററി കമ്മീഷൻ പുന:പരിശോധിക്കണമെങ്കിൽ ഹിയറിംഗ് നടത്തണം. റെഗുലേറ്ററി കമ്മീഷനോട് ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

റെഗുലേറ്ററി കമ്മീഷൻ ഇത് അനുവദിക്കുന്നില്ലെങ്കിൽ 2003-ലെ ആക്ടിന്റെ സെക്ഷൻ 65 അനുസരിച്ച് ഗവൺമെന്റ് ഈ പണം നൽകണമെന്നാണ്. അക്കാര്യം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോടും കൃഷി വകുപ്പുമന്ത്രിയോടും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

സർക്കാർ ഉത്തരവ് പിൻവലിക്കൽ

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ഈ സഭയിലെ ഭരണ പ്രതിപക്ഷ അംഗങ്ങളെ വിശ്വാസത്തിലെടുക്കാതെയുള്ള ഒരു ഉത്തരവ് റവന്യൂ ഡിപ്പാർട്ട്മെന്റ് പുറപ്പെടുവിച്ചിരിക്കുകയാണ്. ജി.ഒ.(ആർ.ടി) 2248/15/റവന്യൂ, 29.04.2015-ലെ ഉത്തരവിൽ സർക്കാർ ധനസഹായങ്ങൾ മണ്ഡലങ്ങളിൽ എം.എൽ.എ./എം.പി. മാർ വിതരണം ചെയ്യേണ്ടതില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. എം.എൽ.എ. മാർ ധനസഹായം വിതരണം ചെയ്യുന്നതിനാൽ ദുരിതാശ്വാസ നിധി അനുവദിച്ച് മാസങ്ങൾക്കുശേഷം മാത്രമേ അപേക്ഷകന് നൽകാൻ സാധിക്കുന്നുള്ളൂ എന്നാണ് പറയുന്നത്. ഈ സഭയിലെ ഭരണപക്ഷാംഗങ്ങൾ ആ വാദത്തോട് യോജിക്കുമോ എന്നറിയില്ല. എം.എൽ.എ. ധനസഹായം

വിതരണം ചെയ്യുന്നതുകൊണ്ട് അപേക്ഷകന് ധനസഹായം ലഭിക്കാൻ കാലതാമസമുണ്ടാകാറില്ല. ദുരിതാശ്വാസനിധി അനുവദിക്കുന്നതിൽ സർക്കാർ നടപടിക്രമങ്ങളുടെ കാലതാമസമല്ലാതെ ഏതെങ്കിലുമൊരു എം.എൽ.എ. യുടെ കൃത്യവിലോപംകൊണ്ട് അത് അപേക്ഷകന് ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്ന സ്ഥിതിയുണ്ടാകാറില്ല. അപേക്ഷകർക്ക് നൽകുന്ന ധനസഹായം എം.എൽ.എ/എം.പി. മാർ വിതരണം ചെയ്യേണ്ടതില്ല, ഉദ്യോഗസ്ഥൻമാർ നൽകിയാൽ മതിയെന്ന റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് ജനപ്രതിനിധികളെ അവഹേളിക്കുന്നതിന് തുല്യമാണ്. അതുകൊണ്ട് ആ ഉത്തരവ് പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 50000 രൂപയിൽ കൂടുതൽ അനുവദിക്കുന്ന ധനസഹായം ബന്ധപ്പെട്ട എം.എൽ.എ/എം.പി. മാർ മുഖാന്തിരം വിതരണം ചെയ്താൽ മതിയെന്ന് 28.11.2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജനപ്രതിനിധികളുടെ സൗകര്യം

കണക്കിലെടുത്ത് ധനസഹായം വിതരണം ചെയ്യുമ്പോൾ അത്യാവശ്യ സന്ദർഭങ്ങളിൽപ്പോലും അനുവദിക്കുന്ന തുക മാസങ്ങൾക്കുശേഷം മാത്രമേ അപേക്ഷകന് ലഭ്യമാക്കാൻ സാധിക്കുന്നുള്ളൂ. ആയതിനാൽ അപേക്ഷകന് യഥാസമയം പ്രയോജനം ലഭിക്കാത്ത സാഹചര്യം ഉണ്ടാകുന്നുണ്ട്. ഇത് സംബന്ധിച്ച് ധാരാളം ആക്ഷേപങ്ങൾ ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിച്ച പല തുകകളും യഥാസമയം ലഭിക്കുന്നില്ലെന്നുപറഞ്ഞ് മുഖ്യമന്ത്രിയേയും എന്നേയും നിരവധി മേഖലകളിൽനിന്നും ബന്ധപ്പെടാറുണ്ട്. അതുപോലെ മറ്റ് പല ബുദ്ധിമുട്ടുകളും ഉണ്ടായി എന്ന് വ്യക്തമാകുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിക്കുന്ന ധനസഹായം ഗുണഭോക്താക്കൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുക എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. ഇക്കാര്യത്തിൽ പ്രായോഗിക നടപടികൾ സ്വീകരിക്കുന്നതിനാവശ്യമായ നടപടികൾ കൈക്കൊള്ളുന്നതാണ്.

## ഭൂമി കൈമാറ്റം

<u>ശ്രീമതി ഗീതാ ഗോപി</u>: സർ, ചേർപ്പ് ഐ.ടി.ഐ. യ്ക്ക് അനുവദിച്ച ഭൂമി

കൈമാറ്റം സംബന്ധിച്ചാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന്റെ കീഴിലുള്ള ചേർപ്പ് ഐ.ടി.ഐ ഇപ്പോൾ താല്ക്കാലികാടിസ്ഥാനത്തിൽ നാട്ടിക നിയോജകമണ്ഡലത്തിലെ പെരിങ്ങോട്ടുകര ഗവൺമെന്റ് ഹൈസ്കൂളിലാണ് പ്രവർത്തിച്ചുവരുന്നത്. ടി സ്ഥാപനത്തിന് സ്വന്തമായി കെട്ടിടം പണിയുന്നതിന് അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തിന്റെ കൈവശത്തിൽ ചാഴൂർ ഗ്രാമപഞ്ചായത്തിൽ കുറുമ്പിലാവ് വില്ലേജിൽ 63 സെന്റ് ഭൂമി ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഐ.ടി.ഐ. യ്ക്ക് കെട്ടിടം പണിയുന്നതിനായി വിട്ടുകൊടുക്കാൻ ഗ്രാമവികസന വകുപ്പിൽ സർക്കാർ അനുമതി നൽകി ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഔദ്യോഗികമായി സ്ഥലം വിട്ടുനൽകേണ്ടതുമുണ്ട്. ഏറ്റവും വേഗത്തിൽ ഇൻഡസ്ട്രിയൽ ട്രെയിനിംഗ് വകുപ്പിന് ഗ്രാമ വികസന വകുപ്പിന്റെ സ്ഥലം വിട്ടുനൽകാനുള്ള നടപടികൾ സ്വീകരിക്കുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി യുക്തമായ നടപടി സ്വീകരിക്കുമോ?

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, തൃശ്ശൂർ ജില്ലയിൽ അന്തിക്കാട് ബ്ലോക്ക് പഞ്ചായത്തുവക, തൃശ്ശൂർ താലൂക്ക് കുറുമ്പിലാവ് വില്ലേജിൽ സർവ്വെ നം. 606/1, 606/2 എന്നിവയിൽ ഉൾപ്പെട്ട 0.2549 ഹെക്ടർ (63 സെന്റ്) ഭൂമി ചേർപ്പ് സർക്കാർ ഐ.റ്റി.ഐ. സ്ഥാപിക്കുന്നതിനായി വ്യാവസായിക പരിശീലന വകുപ്പിന് സൗജന്യമായി വിട്ടുകൊടുത്തുകൊണ്ട് 28-01-2015 -ന് തദ്ദേശ സ്വയംഭരണ വകുപ്പ് ഉത്തരവ് ഇറക്കുകയുണ്ടായി. വ്യാവസായിക പരിശീലന വകുപ്പിന് ഭൂമി കൈമാറി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി പ്രസ്തുത വകുപ്പ് ഭൂമി കൈമാറ്റ ചട്ടങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള അർത്ഥനയും അനുബന്ധരേഖകളും ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത ഭൂമി കൈമാറുന്നത് സംബന്ധിച്ച് അന്തിമ ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗത്തിന്റെ അറിവിലേയ്ക്ക് പറയുകയാണ്, ഒരു വകുപ്പിൽ നിന്നും മറ്റൊരു വകുപ്പിന് ഭൂമി കൊടുക്കാൻ തീരുമാനിക്കുന്നുവെങ്കിലും റവന്യൂ വകുപ്പ് കണ്ടുവേണം ഉത്തരവ് ഇറക്കേണ്ടത്. അത്തരത്തിലുള്ള സാങ്കേതികമായ തടസ്സമാണ്

ഉണ്ടായിട്ടുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഇക്കാര്യം വേഗത്തിൽ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ആവശ്യക്കാർ റവന്യൂ വകുപ്പിന് അപേക്ഷ നൽകേണ്ടതായിട്ടുണ്ട്. അതനുസരിച്ച് ഫയൽ പ്രോസസ് ചെയ്യുന്നതാണ്. ഐ.ടി.ഐ. സ്ഥാപിക്കാൻ ഭൂമി കൊടുക്കുന്നത് തെറ്റാണെന്ന് ഞാൻ പറയുന്നില്ല. എത്രയുംവേഗം നടപടി സ്വീകരിക്കാനാവശ്യമായ പ്രവർത്തനം നടത്തുന്നതാണ്.

## കിംസ് ആശുപത്രി പ്രദേശത്ത് പാർക്കിംഗ്മാൾ

ശ്രീ. എം. എ. വാഹീദ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വെൺപാലവട്ടത്തുള്ള കിംസ് ആശുപത്രി പരിസരത്ത്, ആശുപത്രിയിൽ വരുന്ന ആയിരക്കണക്കിന് വാഹനങ്ങൾ റോഡിന്റെ രണ്ടുവശത്തുമായി പാർക്ക് ചെയ്തിരിക്കുകയാണ്. ആശുപത്രിയിൽ ആവശ്യത്തിന് പാർക്കിംഗ് ഏര്യയുണ്ട്. എന്നാൽ അതിനെക്കാൾ കൂടുതൽ വാഹനങ്ങളാണ് അവിടെ വരുന്നത്. രോഗികളുടെയും കൂട്ടിരിപ്പുകാരുടെയും രോഗികളെ സന്ദർശിക്കാൻ വരുന്നവരുടെയും വാഹനങ്ങൾ ഉൾപ്പെടെ വലിയ വാഹന പെരുപ്പമാണ് അവിടെയുള്ളത്. അത്യാവശ്യമായി ആശുപത്രിയിൽ ഒരു

പാർക്കിംഗ്മാൾ നിർമ്മിച്ചാൽ മാത്രമെ, ഈ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയുകയുള്ളൂ. ഗതാഗതക്കുരുക്ക് പരിഹരിക്കേണ്ടത് മെഡിക്കൽ കോളേജിന്റെയും ആവശ്യമാണ്. ബൈപ്പാസിലൂടെ കൊണ്ടുവരുന്ന അത്യാഹിത രോഗികളെ എളുപ്പത്തിൽ മെഡിക്കൽ കോളേജിൽ എത്തിക്കാനുള്ള ഫോർലൈൻ റോഡ്, ദേശീയപാതയിൽ വെൽപാലവട്ടത്തുനിന്നും കുമാരപുരം വഴി മെഡിക്കൽ കോളേജിലേയ്ക്കുള്ളതാണ്. അത്യാഹിത രോഗികളെ മെഡിക്കൽ കോളേജിലേയ്ക്കും കിംസ് ആശുപത്രിയിലേയ്ക്കും എത്തിക്കുന്നത് ഈ റോഡിലൂടെയാണ്. എന്നാൽ പാർക്കിംഗിന് മറ്റ് സ്ഥലമില്ലാത്തതിനാൽ അവിടെ ചിലപ്പോഴൊക്കെ നാലുവരിയായി വാഹനങ്ങൾ പാർക്ക് ചെയ്തിരിക്കും. കിംസ് ആശുപത്രിയെക്കൊണ്ട് പാർക്കിംഗ്മാൾ ഉണ്ടാക്കിപ്പിക്കണം. അതിന് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് കാര്യമായ പരിശ്രമം നടത്തിയാൽ മാത്രമെ കഴിയുകയുള്ളൂ. അല്ലാതെ ട്രാഫിക് പോലീസിനെക്കൊണ്ടോ, ട്രാഫിക് സംവിധാനത്തെക്കൊണ്ടോ നിയന്ത്രിക്കാൻ കഴിയുന്നതിനും അപ്പുറമാണ് വാഹനപ്പെരുപ്പം. മെഡിക്കൽ

കോളേജിൽ ഉള്ളതിനേക്കാൾ പത്തിരട്ടി വാഹനങ്ങളാണ് കിംസ് ആശുപത്രി പ്രദേശത്ത് എത്തുന്നത്. ആശുപത്രിയുടെ പാർക്കിംഗ് സ്ഥലത്ത് ഉൾക്കൊള്ളാൻ കഴിയാത്ത തരത്തിൽ വാഹനത്തിന്റെ പെരുപ്പമാണ് കിംസ് ആശുപത്രിയിലേയ്ക്ക് പോകുന്ന രണ്ട് വശത്തും വാഹനങ്ങൾ പാർക്ക് ചെയ്യാൻ കാരണം. ഇതുകാരണം ആശുപത്രിയിലെയ്ക്ക് കടക്കാനും കഴിയാറില്ല. ഇത്തരത്തിലുള്ള ഗുരുതരാവസ്ഥയാണ് എന്റെ നിയോജകമണ്ഡലത്തിലെ വെൺപാലവട്ടം കിംസ് ആശുപത്രി പ്രദേശം അനുഭവിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് നേരിട്ട് ഈ സ്വകാര്യ ആശുപത്രി അധികൃതരുമായി ബന്ധപ്പെട്ട്, പാർക്കിംഗ്മാൾ ഉണ്ടാക്കി റോഡിൽക്കിടക്കുന്ന വാഹനങ്ങളെ അതിലേയ്ക്ക് മാറ്റണം. ഒരു നിലയിൽ കുറഞ്ഞത് 200 വാഹനങ്ങൾ എങ്കിലും പാർക്ക് ചെയ്യത്തക്ക രീതിയിൽ 2000 വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള 10 നില പാർക്കിംഗ്മാൾ ഉണ്ടാക്കണം.

മി. സ്പീക്കർ: 10 നിലയുള്ള പാർക്കിംഗ്മാളോ; ഇത് കേരളമാണ്.

ശ്രീ. എം. എ. വാഹീദ്: ഇൻഫോസിൽ അത്തരത്തിലുള്ള പാർക്കിംഗ്മാളുണ്ട്. അതുവഴി ഹൈവേയിലെ പാർക്കിംഗ് കുറഞ്ഞിട്ടുണ്ട്. ബാങ്ക് ലോൺ എടുത്താണ് ഇൻഫോസിസ് പാർക്കിംഗ് മാളുണ്ടാക്കിയിട്ടുള്ളത്. പാർക്കിംഗിലൂടെ ലഭിക്കുന്ന വരുമാനം ബാങ്കിന് നൽകി കടം തീർക്കുകയാണ്. അതുപോലെ എന്തെങ്കിലും സംവിധാനം ടൗൺ പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് നടത്തിയാൽ മാത്രമെ, ഈ പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ആവശ്യമായ നടപടി ടൗൺ പ്ലാനിംഗ് ഡിപ്പാർട്ടുമെന്റ് സ്വീകരിക്കണം.

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): സർ, തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിൽ വെൺപാലവട്ടം കിംസ് ആശുപത്രി പരിസരത്തെ പാർക്കിംഗ് സൗകര്യങ്ങൾ കണക്കിലെടുത്ത് കിംസ് ആശുപത്രി മാനേജ്മെന്റ് 500 വാഹനങ്ങൾ പാർക്ക് ചെയ്യാൻ കഴിയുന്ന സൗകര്യത്തോടുകൂടി ബഹുനില മന്ദിരത്തിന്റെ നിർമ്മാണാനുമതിക്കായി ടൗൺ പ്ലാനിംഗ് വകുപ്പിലോ, തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറി മുമ്പാകെയോ

അപേക്ഷകളൊന്നും നൽകിയിട്ടില്ല. കെ.എം.ബി.ആർ. പ്രകാരമാണ് ആശുപത്രി കെട്ടിടം നിർമ്മിച്ചിട്ടുള്ളത്. അഡീഷണൽ പാർക്കിംഗ് വേണമെന്ന് നിർബന്ധിക്കാൻ കഴിയുകയുമില്ല. എന്നാൽ ഈ പ്രദേശത്തെ ഗതാഗതക്കുരുക്ക് പരിഹരിക്കാൻ വിവിധ വകുപ്പുകളുമായി ചർച്ച ചെയ്ത് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.